പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2011

22.01.2014-ൽ മറുപടിയ്ക്ക്

## കടാശ്വാസ കമ്മീഷൻ - വായ്പ എഴുതിത്തള്ളൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി. എഫ്. തോമസ്<br>,, റ്റി. യു. കുരുവിള<br>,, മോൻസ് ജോസഫ്<br>,, തോമസ് ഉണ്ണിയാടൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ കമ്മീഷൻ വഴി കടാശ്വാസം പൂർണ്ണമായും നൽകുന്നതിന് കഴിഞ്ഞോ ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | 2008 ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമ പ്രകാരം കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാൻ നിശ്ചയിച്ച അവസാന തീയതിയായ 30/6/2013-ന് മുമ്പായി സമർപ്പിക്കപ്പെട്ട 1,29,219 അപേക്ഷകൾ കമ്മീഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരേ അപേക്ഷയിൽ ഒന്നിൽക്കൂടുതൽ വായ്പകളെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്താനുള്ള അവസരങ്ങൾ നൽകിയതിനാൽ കമ്മീഷൻ പരിഗണിക്കേണ്ട വായ്പകളുടെ സംഖ്യ മേൽപ്പറഞ്ഞ എണ്ണത്തേക്കാളും വളരെ കൂടുതലാണ്. ആദ്യ കമ്മീഷൻ നിലവിൽ വന്നതു മുതൽ നാളിതുവരെ സംസ്ഥാനത്തൊട്ടാകെ ഒരാൾക്ക് മുതലിനത്തിൽ പരമാവധി 75,000/- രൂപ എന്ന ക്രമത്തിൽ 62906 കടങ്ങളിൽ കടാശ്വാസത്തിന് അർഹത കണ്ടെത്തി ശുപാർശ നൽകിയിട്ടുണ്ട്.<br><br>മത്സ്യത്തൊഴിലാളി കടാശ്വാസം നൽകുന്നതിനായി പരിശോധന പൂർത്തിയായ അപേക്ഷകളിന്മേൽ കടാശ്വാസം അനുവദിക്കുന്നതിനും മറ്റ് അപേക്ഷകളിൽ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് കടാശ്വാസം അനുവദിക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 20 കോടി രൂപയിൽ നിന്നും പരിശോധന പൂർത്തിയാക്കിയ അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസം നൽകുന്നതിനായി 8,85,61,330/- രൂപ റിലീസ് ചെയ്യുന്നതിനുള്ള അനുമതി ഫിഷറീസ് |

| | | | |
|---|---|---|---|
| | | | ഡയറക്ടർക്ക് നൽകിക്കൊണ്ട് 2/12/2013 ലെ സ.ഉ (സാധാ)നം.989/2013/മത്സ്യ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം ബന്ധപ്പെട്ട വായ്പ അക്കൗണ്ടുകളിൽ തുക വകയിരുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | കടാശ്വാസ കമ്മീഷൻ വഴി വായ്പ കുടിശ്ശിക എഴുതിത്തള്ളൽ വേഗത്തിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | 2008 ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമ പ്രകാരം അനുരഞ്ജനം, പരസ്പര ധാരണ എന്നിവയിലൂടെ മാത്രം നടപ്പാക്കാൻ കഴിയുന്ന കേസുകളിൽ കടമെടുത്ത അപേക്ഷകർക്കും വായ്പ നൽകിയ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി അവരിൽ നിന്നും തെളിവെടുത്ത് അപേക്ഷകൾ തീർപ്പാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സിറ്റിംഗുകൾ കമ്മീഷൻ നടത്തി വരികയാണ്. കൂടാതെ ഒന്നിലധികം ബെഞ്ചുകൾ രൂപീകരിച്ച് സിറ്റിംഗുകളുടെ എണ്ണം കൂട്ടുക വഴി അപേക്ഷ തീർപ്പാക്കൽ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി കമ്മീഷൻ സിറ്റിംഗ് ക്വാറം മൂന്നിൽ നിന്നും രണ്ടായി കുറച്ച് അടുത്ത കാലത്ത് നിയമ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തമർണ്ണ സ്ഥാപനങ്ങളല്ലാത്ത ഉത്തമർണ്ണന്മാരെക്കൂടി വിളിച്ചു വരുത്തി അനുരഞ്ജനത്തിൽ ഏർപ്പെടുത്തുന്നതിനും ദേശസാത്കൃത/ ഷെഡ്യൂൾഡ് ബാങ്കുകളുമായി പരസ്പര ധാരണയിലൂടെ സമവായത്തിലെത്തുന്നതിനുമുള്ള ശ്രമങ്ങളും ത്വരിതപ്പെടുത്തിയിട്ടുണ്ട്.<br><br>നിയമത്തിലെ നിർവചന പ്രകാരം ധനകാര്യ സ്ഥാപനങ്ങളുടെ പരിധിയിൽപ്പെടുന്ന ഷെഡ്യൂൾഡ് ബാങ്കുകൾ, ദേശവത്ക്കരിക്കപ്പെട്ട ബാങ്കുകൾ തുടങ്ങിയവയുടെ കാര്യത്തിൽ പരസ്പര ധാരണയിലൂടെ മാത്രമേ കമ്മീഷന് പ്രവർത്തിക്കാനാവൂ എന്ന് നിയമത്തിലെ ഒമ്പതാം വകുപ്പിൽ പറയുന്നതിനാലും സ്വകാര്യ ഉത്തമർണ്ണന്മാരുടെ കാര്യത്തിൽ അനുരഞ്ജന ശ്രമം അനിവാര്യമായതിനാലും ഇരു കക്ഷികളുടെയും സാന്നിദ്ധ്യം ഇക്കാര്യത്തിൽ അത്യന്താപേക്ഷിതമാണ്. |

| | | | |
|---|---|---|---|
| | | | എസ്.എൽ.ബി.സി.യുമായി പൊതുവായ സമവായം ഉണ്ടാക്കാനുള്ള ശ്രമം വിജയിക്കാത്തതിനാലും ഈ ഗണത്തിൽപ്പെടുന്ന ഓരോ ബാങ്കിനോടും അവർക്ക് നൽകാൻ കഴിയുന്ന സൗജന്യങ്ങളെ സംബന്ധിച്ച് എസ്.എൽ.ബി.സി. നിർദ്ദേശിച്ചതിനാലും അത്തരം ചർച്ചകൾ ഓരോ ബാങ്കിനോടും പ്രത്യേകം പ്രത്യേകമായി വേണ്ടി വന്നിരിക്കുന്നു. ഈ നടപടികളും ത്വരിതപ്പെടുത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ